പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 764 24/01/2018 ൽ മറുപടിക്ക്

## ആറ്റുകാൽ ടൗൺഷിപ്പിന്റെ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഒ. രാജഗോപാൽ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷത്തെ ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട് എന്തൊക്കെ ക്രമീകരണങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | 2018 ലെ ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട് 31 വാർഡുകളിലെയും മരാമത്തു പണികൾ, കെ.എസ്.ഇ.ബിയുടെ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനുള്ള നടപടികൾ, 2000 തൊഴിലാളികളെ അണി നിരത്തിയുള്ള ശുചീകരണ പ്രവർത്തനങ്ങൾ , ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കു ന്നതിനുള്ള നടപടികൾ ,മെഡിക്കൽ ടീമിനെ വിന്യസിക്കുന്നതിനുള്ള നടപടികൾ , പൊങ്കാല നടക്കുന്ന പ്രദേശങ്ങളെ ഉൾപ്പെടുത്തി റൂട്ട് മാപ്പ് തയ്യാറാക്കുന്നതിനുള്ള നടപടികളും നഗരസഭ സ്വീകരിച്ചു വരുന്നു.കൂടാതെ 23.01.2018 ന് ബഹു.ദേവസ്വം മന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ആറ്റുകാൽ പ്രദേശത്തെ വികസനപ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ 100 കോടി വകയിരുത്തിയിട്ടും നാളിതുവരെ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (ബി) | നടപ്പു സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. |
| (സി) | ആറ്റുകാൽ ടൗൺഷിപ്പിന്റെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; മാസ്റ്റർ പ്ലാനിൽ പരാമർശിക്കുന്നതു പോലെ ഒന്നാം ഘട്ടമെങ്കിലും ഉടനെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) | ആറ്റുകാൽ ടൗൺഷിപ്പിന്റെ വികസനം സംബന്ധിച്ച് ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീം തയ്യാറാക്കുന്നതിനുള്ള നടപടികൾ ടൗൺ & കൺട്രി പ്ലാനിംഗ് വകുപ്പ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ